# പതിമൂന്നാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :746 08.03.2012- ൽ മറുപടിയ്ക്ക്

### ജലനിധി പദ്ധതിയുടെ പ്രയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി പദ്ധതിയുടെ എത്രാം ഘട്ടമാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടമാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |
| (ബി) ഈ ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണ്; | (ബി) ഈ ഘട്ടത്തിൽ 200 ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കൽ, ശുചിത്വ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, ഭൂഗർഭ ജലപരിപോഷണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ശാക്തീകരണം തുടങ്ങിയവയാണ് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. |
| (സി) ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് വ്യക്തമാക്കുമോ? | പദ്ധതിയുടെ മൊത്തം അടങ്കൽ 1022 കോടി രൂപയാണ്. ഇതിൽ 658 കോടി രൂപ ലോക ബാങ്ക് വായ്പയും 196 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും 119 കോടി രൂപ പദ്ധതി പഞ്ചായത്തുകളും 49 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |
| (ഡി) ഈ പദ്ധതികൾ വഴി എത്ര കുടുംബങ്ങൾക്കാണ് പ്രയോജനം ലഭിക്കുക എന്ന് വ്യക്തമാക്കുമോ? | ഈ പദ്ധതികൾ വഴി 18.4 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ള ശുചിത്വ സംവിധാനങ്ങൾ ലഭിക്കുന്നതായിരിക്കും. (ഉദ്ദേശം 2.87 ലക്ഷം കുടുംബങ്ങൾക്ക്) |

സെക്ഷൻ ഓഫീസർ